കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, മലപ്പുറം
e-mail:dompm.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെ.എസ്.എ-എം.പി.എം4/543 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം,മലപ്പുറം

പിൻ-676 505 ഫോൺ: 0483 2734951

dompm.ksad@kerala.gov.in

തീയതി :17-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റൻറ് ഡെവലപ്മെൻറ് കമ്മീഷണർ (ജനറൽ) മലപ്പുറം.

3) കാര്യാലയ പകർപ്പ്

എം.എ.3/17

കെ.എസ്.എ-എം.പി.എം4/543 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം,മലപ്പുറം
പിൻ-676 505 ഫോൺ: 0483 2734951
dompm.ksad@kerala.gov.in

തീയതി :17-03-2017

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.09.2015 മുതൽ 05.02.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷാജി.എ., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.02.2017മുതൽ 10.02.2017 വരെ & 27.02.2017 മുതൽ 28.02.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. അബ്ദുൽ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഷാജഹാൻ ഖുറൈഷി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.യൂസഫ്.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | | | ശ്രീ.കുന്നത്ത് മുഹമ്മദ് | 01.04.2015മുതൽ |

| | | | | |
|---|---|---|---|---|
| | | | | 13.10.2015വരെ |
| | : | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 14-10-2015മുതൽ 18-11-2015 വരെ |
| | | | ശ്രീമതി.റീന പെട്ടമണ്ണ | 19.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | | 1. | ശ്രീ.കെ.ബി.ശശി | 01.04.2015മുതൽ 30.04.2015വരെ |
| | | 2. | ശ്രീ.രമേശ് | 01.05.2015മുതൽ 10.05.2015 വരെ |
| | | 3. | ശ്രീ.ടി.കെ.ജോസ്. | 11.05.2015മുതൽ 04.08.2015 വരെ |
| | | 4. | ശ്രീ.രമേശ് | 05.08.2015മുതൽ 16.08.2015 വരെ |
| | | 5. | ശ്രീ.കെ.മൊയ്തു കുട്ടി | 16.08.2015മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനീയർ | | | ശ്രീമതി. നീന.എൻ | 01.04.2015മുതൽ 17.06.2015 വരെ |
| | | | ശ്രീ.സുൽഫീക്കർ | 18.06.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി മേലാറ്റൂർ | | | ഡോ.സി.മൊയ്തീൻകോയ | 01.04.2015മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ (ഗ്രേ.1) | | | ശ്രീമതി. മേഴ്സി.എം.ബി | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | | | ശ്രീ.കെ.രാധാകൃഷ്ണൻ | 01.04.2015മുതൽ 31.03.2016വരെ |
| വ്യവസായ വികസന ഓഫീസർ | | | ശ്രീ.എ.സുനിൽ | 01.04.2015മുതൽ 31.03.2016വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | | | ശ്രീമതി.മാലതി.<br>ശ്രീമതി.ഹേമലത | 01.04.2015മുതൽ 15.08.2015വരെ 16.08.2015മുതൽ 31.03.2016വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം -2 | | |
| | ഇല്ല | | |
| | ഭാഗം -3 | | |
| 12 | ഗുണഭോക്തൃ സമിതി മുഖേനെ നിർവഹണം നടത്തുന്ന മരാമത്ത് പ്രവർത്തികൾ അപാകതകൾ | 3-1 | |
| 13 | മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് | 3-2 | |
| 14 | ബ്ളോക് പഞ്ചായത്ത് തൊഴിൽ പരിശീനകേന്ദ്രം പ്രവർത്തനക്ഷമമല്ലാത്തത് സംബന്ധിച്ച് | 3-3 | |
| 15 | പത്ര പരസ്യങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്ക് നൽകി | 3-4 | |
| 16 | ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടവ് കൈപ്പറ്റ് രശീതി ലഭ്യമല്ല. | 3-5 | |
| 17 | ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചു | 3-6 | |
| 18 | വൈദ്യുതീകരണ പ്രവർത്തികളിൽ , നികുതി കോമ്പൗണ്ട് ചെയ്ത കോൺട്രാക്ടറിൽ നിന്നും കുറവായി VAT ഈടാക്കി | 3-7 | |

| | | | |
|---|---|---|---|
| 19 | സംരക്ഷണ ഭിത്തി പൊളിച്ച് മാറ്റിയത് -ബ്ളോക് പഞ്ചായത്ത് അനുമതി വാങ്ങിയില്ല. | 3-8 | |
| 20 | അധികം പിൻവലിച്ച തുക തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ് | 3-9 | |
| 21 | ഓട്ടോ റിക്ഷാ ഡ്രൈവിംഗ് പരിശീലനം -രേഖകൾ ലഭ്യമാക്കിയില്ല. | 3-10 | |
| 22 | ഐ.എ.വൈ--ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 3-11 | |
| | ഭാഗം -4 | | |
| 23 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ -വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപം | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 23-02-2015 ലെ തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 14/06/2016 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10/02/2017 | കെ.എസ്.എ-എം.പി.എം4/543/2017 തിയ്യതി 13-02-2017 (ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.) |

വാർഷിക ധനകാര്യപത്രിക പരിശോധന- ന്യൂനതകളുടെ സംഗ്രഹം

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57, 58 എന്നിവയിൽ നിർദ്ദേശിച്ച പ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ വ്യവസ്ഥാപിതമായി നടത്തിയിട്ടില്ല.

2.ഓപ്പണിംഗ് സ്റ്റോക്ക്,തൻ വർഷം പർച്ചേസ് നടത്തിയ സ്റ്റോക്ക്,ക്ലോസിംഗ് സ്റ്റോക്ക് എന്നിവയുടെ മൂല്യം ഉൾപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.പഞ്ചായത്ത് ബജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ല.

4.വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

5.B-18 ഷെഡ്യൂൾ പ്രകാരം Permanent Advance 200 രൂപ ഉണ്ടാകണം . എന്നാൽ അപ്രകാരം ഇംപ്രസ്റ്റ് നീക്കി വെച്ചിട്ടില്ല.

6.വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ലോൺ കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല,

7.2014-15 വർഷത്തെ സാക്ഷ്യപത്ര പ്രകാരമുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
8. പ്ലാൻ ഫണ്ട് (ജനറൽ )ഓപ്പണിംഗ് ബാലൻസ് എ.എഫ്.എസ് പ്രകാരം 12856623രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം 12600324/-രൂപയാണ്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44918951 |
| വരവ് | 159881480 |
| ആകെ | 204800431 |
| ചെലവ് | 184918274 |
| നീക്കിയിരിപ്പ് | 19882157 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ACRപ്രകാരം ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| തനത് ഫണ്ട് | 6073472 | 3314233 | 9387705 | 4682432 | 4705273 | 49.88 |
| വികസനഫണ്ട് പൊതുവിഭാഗം | 12600324 | 37036000 | 49636324 | 45542489 | 4093835 | 91.75 |
| വികസനഫണ്ട് എസ്.സി.പി. | 4608750 | 16563000 | 21171750 | 20057028 | 1114722 | 94.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 84000 | 84000 | 0 | 84000 | 0 |
| റോഡ്പുനരുദ്ധാരണ ഫണ്ട്. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 888105 | 5395000 | 6283105 | 488109 | 5794996 | 7.77 |
| ബി ഫണ്ട് | 0 | 1216443 | 1216443 | 1216443 | 0 | 100 |
| ഗ്രാമപഞ്ചായത്തിന്റെ വിഹിതം | 2204783 | 400000 | 2604783 | 2279232 | 325551 | 87.50 |
| ജില്ലാപഞ്ചായത്ത് വിഹിതം | 200000 | 0 | 200000 | 200000 | 0 | 100 |
| കേന്ദ്രഫണ്ടുകൾ | 6102642.95 | 17706375 | 23809017.95 | 18270380 | 5538637.95 | 76.74 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 50416964 | 89 | 38783169 | 29 | 5 | 72.36 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും

പ്രകാരം 41.79ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| നികുതിയേതര വരവുകൾ | 16407 | 23264 | 6857 | (+) 41.79% |
| മറ്റുവരവുകൾ | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. |
| ആകെ | 16407 | 23264 | 6857 | (+) 41.79% |

## 1-8 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതികൾ ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

(എ). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിനും ആഭ്യന്തരനിയന്ത്രണം കുറ്റമറ്റതാക്കുന്നതിനും പദ്ധതി നിർവ്വഹണ പുരോഗതി മനസ്സിലാക്കുന്നതിനും ആവശ്യമായ ഇൻക്യുമ്പൻസി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ പൂർണ്ണമായ വിവരങ്ങൾ ഉൾകൊള്ളിച്ച് സൂക്ഷിക്കുന്നില്ല.

(ബി).വൗച്ചറുകളുടെ സൂക്ഷിപ്പ്.

വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.6.2016-14.6.2016 | 2015-16 | 19/08/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/08/2015 | 2008 - 09 മുതൽ 2012 - 13 വരെ | 30/08/2014 |

## ഭാഗം-2

ഇല്ല

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി മുഖേന നിർവഹണം നടത്തുന്ന മരാമത്ത് പ്രവർത്തികൾ അപാകതകൾ

2015-16 വർഷത്തിൽ പെരിന്തൽമണ്ണ ബ്ലാക് പഞ്ചായത്തിൽ നടപ്പിലാക്കിയ 90% മരാമത്ത് പ്രവർത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ്.പദ്ധതിയുടെ നടത്തിപ്പിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ

പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം മേൽ ചട്ടത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത്നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

2.പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവർത്തികളിൽ മാത്രമാണ് ഇത്തരത്തിലുള്ള അക്കൗണ്ട് തുടങ്ങിയിട്ടുള്ളൂ. സംയുക്ത അക്കൗണ്ട് ആരംഭിച്ച് കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.

3.പ്രവർത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, അച്ഛന്റെ പേര് , ഹാജർ വിവരം , വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും മുഴുവൻ വിവരങ്ങൾ ചേർത്തിട്ടില്ല .

4.പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമാണ സാധനങ്ങളും ഗുണ .സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്.സിമന്റ്. കമ്പി, സ്റ്റീൽ എന്നീ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.എന്നാൽ സിമന്റ് കോൺക്രീറ്റിന് വേണ്ടി വാങ്ങിയ ചില ബില്ലുകൾ മാത്രമാണ് ഫോറം 8 B പ്രകാരമുള്ളത്

5.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല.

6 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പാക്കുന്ന 5 ലക്ഷം കൂടുതൽ മൂല്യമുള്ള പ്രവർത്തികളിൽ സാങ്കേതികമേൻമ ഉറപ്പ് വരുത്തുന്നതിനായി ഒരു സാങ്കേതിക വിദഗ്ധനെ ഗുണഭോക്തൃ സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഗുണനിലവാരം ടിയാൻ ഉറപ്പ്വരുത്തേണ്ടതാണെന്നുമുള്ള നിബന്ധന പാലിച്ചിട്ടില്ല.

## 3-2 മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ് )362/13 ത.സ്വ. ഭ.വ തി.16.11..13 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷത്തിന്റെയെങ്കിലും അടങ്കൽ തുകയുള്ള പ്രൊജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.എന്നാൽ 5 ലക്ഷത്തിൽ താഴെയുള്ള താഴെപ്പറയുന്ന പ്രവത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രവർത്തി | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം/തി |
|---|---|---|---|---|
| 1 | ചെരക്കാപറമ്പ് പുളിഞ്ചിറ പാലം റോഡ് പൂർത്തീകരണം | 495000 | 495000 | 36/31.12.15 |
| 2 | പന്തലക്കോട് കണ്ടിലപ്പാടം വെള്ളച്ചാൽ സൈഡ് കെട്ട് | 495000 | 56299<br>438701 | 39/29.1.16<br>40/30.1.16 |
| 3 | പോസ്റ്റ് ഓഫീസ് പാലത്തിങ്ങൽ റോഡ് | 495000 | 495000 | 44/30.1.16 |

| | | | | |
|---|---|---|---|---|
| 4 | പാറ -ചെരക്കാപ്പറമ്പ് റോഡ് പൂർത്തീകരണം | 450000 | 450000 | 52/28.3.16 |
| 5 | ചേണേങ്ങൾ റോഡ് | 350000 | 350000 | 43/30.1.16 |

മാർഗ്ഗരേഖക്ക് വിരുദ്ധമായി 5 ലക്ഷത്തിന് താഴെയുള്ള പ്രവർത്തികൾ ഏറ്റെടുത്തത് ശരിയായ നടപടിയല്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്ത് തൊഴിൽ പരിശീനകേന്ദ്രം പ്രവർത്തനക്ഷമമല്ല - പാഴ്ച്ചെലവ്

ബ്ലോക്ക് പഞ്ചായത്ത് വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച തൊഴിൽ പരിശീലന കേന്ദ്രമാണ് വെട്ടത്തൂർ തൊഴിൽ പരിശീലന കേന്ദ്രം. 2015-16 -ൽ മേൽ കെട്ടിടം 1000000 രൂപ ചെലവഴിച്ച് പുനരുദ്ധരിച്ചിട്ടുണ്ട്. എന്നാൽ 27.2.2107-ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായിനിലകൊള്ളുകയാണ്. നാളിതുവരെയായിട്ടും വൈദ്യുതി കണക്ഷൻ പോലും ലഭ്യമാക്കിയിട്ടില്ല. ഭീമമായ തുക നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ചെലവഴിച്ചിട്ടും ഉപയോഗിക്കാതെ കിടക്കുന്നത് സർക്കാർ പണത്തിന്റെ പാഴ്ചെലവാണ്. കെട്ടിടം അടിയന്തിരമായി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പത്ര പരസ്യങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്ക് നൽകി

ബ്ളോക്ക് പഞ്ചായത്തിന്റെ വിവിധ പരസ്യങ്ങൾപ്രസിദ്ധീകരിച്ച വകയിൽ പരസ്യ ചാർജ്ജ് ഇനത്തിൽ 2015-16 വർഷത്തിൽ ചന്ദ്രിക ദിനപത്രത്തിന് പണം നൽകിയിട്ടുണ്ട്. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നൽകാവുന്ന നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചതിനെക്കാൾ ഉയർന്ന നിരക്കാണ് പത്രങ്ങൾക്ക് നൽകിക്കാണുന്നത്.

വിശദ വിവരം താഴെ നൽകുന്നു-

| ഉത്തരവ് | കാലയളവ് | നിരക്ക്( col*cm ) |
|---|---|---|
| GO(P)1/13 /I&PRD Dt. 22.01.2013 | 01.04.2012 മുതൽ | ചന്ദ്രിക – 210 |
| GO(P)17/15 /I&PRD Dt. 08.12.2015 | 01.04.2015 മുതൽ | ചന്ദ്രിക – 231 |

| പരസ്യതിയ്യതി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം | വൗച്ചർ നം./തിയ്യതി |
|---|---|---|---|---|---|
| 11-01-14 | 7cm X 3 column | 7560 | 4410 | 3150 | 21500206/19-06-15 |
| 22-03-15 | 4 X 2 column | 3200 | 1680 | 1520 | 21500043/13-04-15 |
| 06-02-15 | 4 X 2 column | 3200 | 1680 | 1520 | 21500043/13-04-15 |
| 22-09-15 | 10 X 2 column | 9600 | 4620 | 4980 | 21500557/31-10-15 |
| 11-02-16 | 10 X 2 column | 9600 | 4620 | 4980 | 21501210/28-03-16 |
| 13-01-16 | 8 X 2 column | 7680 | 3696 | 3984 | 21501346/31-03-16 |
| 25-02-16 | 8 X 2 column | 7680 | 3696 | 3984 | 21501346/31-03-16 |

ആകെ - 24,118

അധികം നൽകിയ 24118 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടവ് കൈപ്പറ്റ് രശീതി ലഭ്യമല്ല.

തെക്കേപ്പുറം പള്ളി കണ്ണാത്ത് ചാല റോഡ് എന്ന പ്രവർത്തിക്കായി 300000 രൂപ DD No.980409/26.9.13 പ്രകാരം ലഭ്യമായിരുന്നു.എന്നാൽ മേൽ പ്രവർത്തിക്ക് 100000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് .ബാക്കി 200000രൂപ ജില്ലാപഞ്ചായത്തിലേക്ക് തിരിച്ചടവാക്കാനായി DD എടുത്തെങ്കിലും (DD No. 830416/7.10.15) ആയത് ജില്ലാ പഞ്ചായത്ത് കൈപ്പറ്റിയതിന്റെ രശീതി ലഭ്യമല്ല.ആയത് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവു തുക 200000 രൂപ തടസ്സം ചെയ്യുന്നു

## 3-6 ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചു

പ്രൊജക്ട് – ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ

നം. - S0128/ 16

അടങ്കൽ : 375000 (എം.ജി.- റോഡിതരം)

നിർവ്വഹണം - സെക്രട്ടറി

ബിൽ നം. 25/28-03-16 : 3,75,000

ഡി.ഡി.നം. 772196/29-03-16 : 40,000

ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങുന്നതിനുള്ള മേൽ പ്രൊജക്ടിന് വകയിരുത്തിയ തുക 3,75,000 രൂപയാണ്. എന്നാൽ പ്രൊജക്ട് റിവൈസ് ചെയ്യാതെ തന്നെ 4,15,000 രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ക്രമ പ്രകാരമല്ലാതെ 40,000 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക തടസ്സം ചെയ്യുന്നു.

## 3-7 വൈദ്യുതീകരണ പ്രവർത്തികളിൽ , നികുതി കോമ്പൗണ്ട് ചെയ്ത കോൺട്രാക്ടറിൽ നിന്നും കുറവായി VAT ഈടാക്കി

ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ താഴെപ്പറയുന്ന വൈദ്യുതീകരണ പ്രവർത്തികളിൽ , നികുതി കോമ്പൗണ്ട് ചെയ്ത കോൺട്രാക്ടർ ശ്രീ. ഷാഹുൽ ഹമീദിൽ നിന്നും കുറവായാണ് VAT ഈടാക്കിയിട്ടുള്ളത്.

| ക്രം.നം. | പ്രൊജക്ട് | Total value of work done | അടവാക്കേണ്ട VAT (4%) | അടവാക്കിയത് (3%) | കുറവ് |
|---|---|---|---|---|---|
| 1 | S012/16<br>അങ്ങാടിപ്പുറം SGSY കെട്ടിടം വൈദ്യുതീകരണം | 1,77,568 | 7103 | 5327 | 1776 |
| 2 | S013/16<br>മേലാറ്റൂർ വനിതാ തൊഴിൽ പരിശീലന | 98,000 | 3920 | 2940 | 980 |

| | | | | | |
|---|---|---|---|---|---|
| | കേന്ദ്രം വൈദ്യുതീകരണം | | | | |
| 3 | S006/16<br>ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം<br>(സ്പിൽ ഓവർ) | 1,99,345<br>(14-15 ഉൾപ്പടെ) | 7974 | 5981 | 1993 |
| 4 | S011/16<br>ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | 4,71,675 | 18867 | 14150 | 4717 |

ആകെ - 9,466

9,466 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-8 അധികം പിൻവലിച്ച തുക തിരിച്ചടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്

ചെക്ക് നം. 3154721/11-06-2015 പ്രകാരം ജനറൽ പർപ്പസ് ഗ്രാൻറിൽ നിന്നും പിൻവലിച്ച 45,711 രൂപയിൽ 15,555 രൂപ , kl-53e-5 നം. വാഹനത്തിൻറെ ഇൻഷൂറൻസ് പ്രീമിയം അടവാക്കുന്നതിനാണ് പിൻവലിച്ചിട്ടുള്ളത്.

എന്നാൽ വൗച്ചർ നം. 21500220/ 22-06-2015 പ്രകാരം 14,367 രൂപ മാത്രമാണ് ഇൻഷൂറൻസ് കമ്പനിക്ക് നൽകിയിട്ടുള്ളത്.

അധികം പിൻവലിച്ച തുക 1,188 രൂപ തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 3-9 ഓട്ടോ റിക്ഷാ ഡ്രൈവിംഗ് പരിശീലനം -രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് : so 015/ 16, SC Women& men auto rikshaw driving training& purchase auto rikshaw for self employment.

ബിൽ നം./തീയതി : 01/15-16 / 30.6.2015 തുക : 5,83,000/- (plan-scp)

പ്രസ്തുത പ്രോജക്ട് പ്രകാരം 11ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനും ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുമായി 5,83,000/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 33,000/- രൂപ ഡ്രൈവിംഗ് പരിശീലനം നൽകിയതിനുള്ള ചെലവാണ്. റോയൽ ഡ്രൈവിംഗ് സ്കൂൾ പെരിന്തൽമണ്ണയുടെ പ്രോപ്രൈറ്റർ , ശ്രീ.ഷാജൻ .കെ.ജെ. എന്നവർ 33,000/- രൂപയുടെ 557603/ 1.7.15 നമ്പർ ഡി.ഡി.കൈപ്പറ്റിയ വിവരം ഫയലിലുണ്ട്. ഡ്രൈവിംഗ് പരിശീലനത്തിനായി ഗുണഭോക്താക്കൾ ഡ്രൈവിംഗ് സ്കൂളിൽ ഹാജരായതിന്റെയും പരിശീലനം പൂർത്തിയാക്കിയതിന്റെയും അറ്റന്റൻസ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ ലൈസൻസ് വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | ലൈസൻസ് നം./തീ. | ബാഡ്ജ് നം./തീ. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രസാദ്.ഇ. | 53/2138/15 31.3.15 | 53/291/15 31.3.15 |
| 2 | അരുൺ.എം.കെ. | 53/2138/15 31.3.15 | 53/291/15 31.3.15 |
| 3 | അരുൺ കുമാർ. എൻ. | 53/2140/15 31.3.15 | 53/295/15 31.3.15 |
| 4 | സുജിൽജ.പി. | 53/2136/15 31.3.15 | 53/289/15 31.3.15 |
| 5 | അനൂപ്.പി. | 53/2139/15 31.3.15 | 53/302/15 31.3.15 |
| 6 | സുമേഷ്.പി. | 53/2131/15 31.3.15 | 53/282/15 31.3.15 |
| 7 | സുബീഷ്.വി.പി. | 53/2132/15 31.3.15 | 53/284/15 31.3.15 |
| 8 | സതീഷ്.എ. | 53/2137/15 31.3.15 | 53/290/15 31.3.15 |
| 9 | ശശികുമാർ.എൻ.പി. | 53/1330/10 31.3.15 | 53/288/15 31.3.15 |
| 10 | സുജിത്.ഒ.പി. | 9/7308/13 31.3.15 | 53/283/15 31.3.15 |
| 11 | സുധീഷ്.കെ. | 53/2198/10 06.04.15 | 53/303/15 06.4.15 |

2015-16 വർഷത്തിനു മുമ്പ് തന്നെ ഡ്രൈവിംഗ് ലൈസൻസ് നേടിയവരാണ് ഗുണഭോക്താക്കൾ. പ്രോജക്റ്റ് പ്രകാരം യഥാർത്ഥത്തിൽ ഡ്രൈവിംഗ് പരിശീലനം നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.06/28.02.2017). രേഖകളുടെ അഭാവത്തിൽ ചെലവു തുക 33,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-10 ഐ.എ.വൈ--ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2015-16 വർഷത്തിൽ എഗ്രിമെന്റ് വച്ച് ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം,പിന്നീട് ഗഡുക്കളൊന്നും കൈപ്പറ്റാതെ, താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം മുടങ്ങി കിടക്കുന്നതായി കാണുന്നു.

| ക്ര.നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാലിനി കാവുങ്ങപ്പറമ്പിൽ, അങ്ങാടിപ്പുറം ഗ്രാ.പ. | 17,500 |
| 2 | ലക്ഷ്മി തട്ടാരക്കാട്ടിൽ, വെട്ടത്തൂർ ഗ്രാ.പ. | 17,500 |
| 3 | പത്മാവതി മുദ്രക്കുത്ത്, ഏലംകുളം ഗ്രാ.പ. | 17,500 |
| 4 | മീനാക്ഷി അഴകിൽ, പുലാമന്തോൾ ഗ്രാ.പ. | 17,500 |
| 5 | സനില നെച്ചിയിൽ, വെട്ടത്തൂർ ഗ്രാ.പ. | 17,500 |
| 6 | ഖദീജ പാറക്കൽചോല, ഏലംകുളം ഗ്രാ.പ. | 17,500 |

പ്രസ്തുത ഗുണഭോക്താക്കൾക്ക് പുറമെ ഒന്നിലധികം ഗഡുക്കൾ കൈപ്പറ്റിയ 60 പേരും 2012-13,2013-14, 2014-15 വർഷങ്ങളിലെ ഗുണഭോക്താക്കളായ 21 പേരും ഭവനനിർമ്മാണം പൂർത്തിയാക്കാൻ ശേഷിക്കുന്നുണ്ട്.

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.നിർമ്മാണം പൂർത്തിയാക്കാൻ

വിസമ്മതിക്കുന്ന പക്ഷം നൽകിയ തുക പ്രതിമാസം 1% പലിശ സഹിതം തിരികെ ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിവരം ലഭ്യമാക്കിയില്ല

### 4-2 ഡെപ്പോസിറ്റ്സിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വായ്പ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. ലോൺ രജിസ്റ്റർ കാലികമാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ വ്യക്തമായ വിവരങ്ങൾ ഉൾകൊള്ളിച്ച് സൂക്ഷിക്കാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ ചേർക്കേണ്ടതും ഓഡിറ്റ് റിക്കവറി ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന വരവുകൾ വിശദാംശങ്ങൾ ഉൾപ്പടെ രേഖപ്പെടുത്തി സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-1 | 2000-01 | IV-91 a | വ്യവസായ സംരംഭകർക്ക് അനർഹമായ സാമ്പത്തിക സഹായം 34,405/-രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-2 | 2000-01 | IV-91 b | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | രൂപയുടെനഷ്ടം | |
| 1997-98 | 60-3 | 2000-01 | IV-91 c | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-21 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവിനർക്ക് നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | 20 പ്രവൃത്തികൾക്ക് 1999 മുതൽ 2001-02 വരെ നൽകിയ മുൻകൂർ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. ആർ. ആർ. നടപടി വിവരംലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ ) | : | 204800431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 184918274 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25306 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 273000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർ ജ് ചെയ്യാവുന്നത് | |
| 3.4 | | 3150 | ശ്രീ.ടി.കെ.ജോസ്,സെക്രട്ടറി |
| | | 3040 | ശ്രീ.കെ.ബി.ശശി,സെക്രട്ടറി |
| | | 17928 | ശ്രീ.കെ.മൊയ്തുട്ടി,സെക്രട്ടറി |
| 3.8 | | 1188 | ശ്രീ.ടി.കെ.ജോസ്,സെക്രട്ടറി |
| ആകെ | | 25306 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 200000 | ശ്രീ.സുൽഫീക്കർ, അസി.എക്സി.എഞ്ചിനീയർ |
| 3-6 | 40000 | ശ്രീ.കെ.മൊയ്തുട്ടി, സെക്രട്ടറി |
| 3-9 | 33000 | ശ്രീമതി.മേഴ്സി.എം.ബി, എസ്.സി.ഡി.ഒ. |
| ആകെ | 273000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 9466 | ശ്രീ.സുൽഫീക്കർ, അസി.എക്സി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.കെ.ജോസ്,സെക്രട്ടറി | ലഭ്യമാക്കിയില്ല | താനിക്കൽ ഹൗസ്,<br>ഓലയിൽ,<br>തേവള്ളി,കൊല്ലം ജില്ല |
| ശ്രീ.കെ.ബി.ശശി,സെക്രട്ടറി | ലഭ്യമാക്കിയില്ല | കൈതക്കാട് വീട്,<br>പൊയ്യപി.ഒ, തൃശ്ശൂർ ജില്ല. |
| ശ്രീ.കെ.മൊയ്തുട്ടി,സെക്രട്ടറി | ലഭ്യമാക്കിയില്ല | --- |
| ശ്രീ.സുൽഫീക്കർ,<br>അസി.എക്സി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്. | നാലകത്ത്ഹൗസ്,<br>വെസ്റ്റ്കോഡൂർ,<br>കോഡൂർ.പി.ഒ.,മലപ്പുറം<br>676504 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LFM12/178/2002 Dt:20/09/2000 | 27 | |
| 1999-00 | LFM4/916/2002 Dt:01/01/2004 | 14 | |
| 2000-01 | LFM16/375/2006 Dt:18/10/2006 | 17 | |
| 2001-02 | LFM16/1531/2006 Dt:03/11/2007 | 31 | |
| 2002-03 | LFM16/900/2007 Dt:12/11/2007 | 17 | |
| 2003-04 | LFM16/901/2007 Dt:01/12/2007 | 5 | |
| 2004-05 | LFM16/902/2007 Dt:06/12/2007 | 5 | |
| 2005-06 | LFM16/903/2007 Dt:03/12/2007 | 5 | |
| 2006-07 | LFM16/233/2008 Dt:28/06/2008 | 20 | |
| 2007-08 | LFM4/285/2013 Dt:30/03/2013 | 14 | |
| 2008-09 | LFM12/1446/2010 Dt:07/09/2012 | 20 | |
| 2009-10 | LFM4/1816/2011 Dt:06/02/2012 | 12 | |
| 2010-11 | LFM4/364/15 Dt 6-6-15 | 14 | |
| 2011-12<br>2012-13 | LFM4/841/2014 Dt:19/05/2014 | 17 | |
| 2013-14 | LFM4/2449/2014 Dt: 23-4-15 | 9 | |
| 2014-15 | LFM4/2405/2015 Dt: 27-7-16 | 8 | |

സീനിയർ ഡെപ്യൂട്ടി ഡയരക്ടർ,

ജില്ലാ ഓഡിറ്റ്
കാര്യാലയം,

മലപ്പുറം.

അനുബന്ധം

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.റസീറ്റ് ആൻറ് പെയ്മെൻറ് സ്റ്റേറ്റുമെൻറ്

3.ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെൻറ്

4.ബാലൻസ് ഷീറ്റ്

# 5-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.-എം.പി.എം4/543 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
dompm.ksad@kerala.gov.in

തീയതി:13-02-2017

സാക്ഷ്യപത്രം.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 31-3-16 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയരക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

പകർപ്പ്

1.സെക്രട്ടറി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

2.ഡയരക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം ഉപരിപത്രം സഹിതം

3. കാര്യാലയ പ്രതി

എം.എ.3/17

# 5-2

# Audit Certificate

No. KSAMPM4/543/2017

Kerala State Audit Department.

District Audit Office,
Malappuram

PIN - 676 505, Phone: 0483 2734951

dompm.ksad@kerala.gov.in

Dated.17-03-2017

CERTIFICATE

Certified that I have examined the Annual Financial Statement of Perinthalmanna Block Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Perinthalmanna Block Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

SENIOR DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

MALAPPURAM.

Copy to

1. Secretary, Perinthalmanna Block Panchayat.

2.Director, Kerala State Audit Department,Thiruvananthapuram (with covering letter)

3.Office copy.